**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **13-02-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 വർഷത്തെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപ അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | 2022-2023 വർഷത്തെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2023-2024 വർഷത്തെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപ അനുവദിച്ചതായി കാണുന്നില്ല. |
| (ബി) | പ്രസ്തുത റോഡ് മറ്റേതെങ്കിലും ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 05/05/2022-ൽ കൂടിയ ഭരണാനുമതി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന്റെ പ്രവർത്തിയ്ക്കായി 21/06/2022-ലെ സ.ഉ.(സാധാ)658/2022/PWD പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതേ പ്രവർത്തിക്ക് 11/05/2022-ലെ സ.ഉ.(സാധാ)523/2022/PWD പ്രകാരം 375 ലക്ഷം രൂപയുടെ ഭരണാനുമതി വീണ്ടും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിലവിൽ പുരോഗമിച്ച് വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ബജറ്റിൽ അനുവദിച്ച തുക മേപ്പയ്യൂർ-ചെറുവണ്ണൂർ-ആവള റോഡിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിരുന്നോ; വിശദമാക്കാമോ; | (സി) | കത്ത് ലഭിച്ചിരുന്നു.<br><br>ബഹു.എം.എൽ.എ.യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ "Perambra-Koorachund Road 2/200- 10/800" എന്ന പ്രവർത്തിക്ക് പകരമായി "Improvement to Meppayyur- Cheruvannur-Pannimukku- Avala and approach to Gulikapuzha bridge road b/w KM 0/000-4/000 and 6/500- 9/400" എന്ന പ്രവർത്തിക്കായി 1000 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. |
| (ഡി) | ധനകാര്യ വകുപ്പിലെ ബി1/105/23സി.പി.ഡബ്ല്യൂ.ഡി.-പി.എസ്.2/285/23 നമ്പർ ഫയലിൽ എടുത്ത തീരുമാനം വിശദമാക്കാമോ? | (ഡി) | ഐ.&പി.ഡബ്ല്യൂ-ബി1/105/23-ധന നമ്പർ ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ